ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

TIME: 06.30 PM | പ്രധാനവാർത്തകൾ | DATE:06.07.2025

1. ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ രണ്ടു ദിവസത്തെ സന്ദർശനത്തിനായി സംസ്ഥാനത്തെത്തി; കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഉപരാഷ്ട്രപതിയ്ക്ക് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറിന്റെ നേതൃത്വത്തിൽ ഊഷ്മള സ്വീകരണം.
2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ബഹുരാഷ്ട്ര സന്ദർശനം തുടരുന്നു. 17-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.
3. കേരള സർവ്വകലാശാലാ രജിസ്ട്രാറുടെ സസ്പെൻഷൻ റദ്ദാക്കി സിൻഡിക്കേറ്റ്. രജിസ്ട്രാർ കെ എസ് അനിൽകുമാർ തിരികെ ജോലിയിൽ പ്രവേശിച്ചു.
4. സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തം. രോഗ ഉറവിടം കണ്ടെത്താനുള്ള ശ്രമങ്ങൾ തുടർന്ന് ആരോഗ്യ വകുപ്പ്.
5. മലപ്പുറം കരുവാരക്കുണ്ടിൽ വനം വകുപ്പിന്റെ കൂട്ടിൽ കുടുങ്ങിയ കടുവയെ തൃശ്ശൂർ മൃഗശാലയിലേക്ക് മാറ്റാൻ തീരുമാനം.
6. ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന്റെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു.

**************************************

RNU TVPM

## പി എം - ബ്രസീൽ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ബഹുരാഷ്ട്ര സന്ദർശനം തുടരുന്നു. ഇന്ന് രാത്രി റിയോ ഡി ജനീറോയിൽ ആരംഭിക്കുന്ന 17-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും. സന്തുലിതവും സമഗ്രവുമായ ലോക ക്രമം, കാലാവസ്ഥാ വെല്ലുവിളികൾ, നിർമിതബുദ്ധി തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും. ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ആഗോള നേതാക്കളുമായി ഉഭയകക്ഷി കൂടിക്കാഴ്ചകൾ നടത്തും. തുടർന്ന് ബ്രസീലിയയിൽ എത്തുന്ന ശ്രീ മോദി ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവയുമായും കൂടിക്കാഴ്ച നടത്തും.

**************************

## ഉപരാഷ്ട്രപതി സന്ദർശനം

രണ്ടുദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ സംസ്ഥാനത്തെത്തി. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മന്ത്രി പി രാജീവ്, ഹാരിസ് ബീരാൻ എംപി തുടങ്ങിയവർ ചേർന്ന് ഉപരാഷ്ട്രപതിയെ സ്വീകരിച്ചു. നാളെ രാവിലെ അദ്ദേഹം ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തും. തുടർന്ന് കളമശേരിയിൽ നാഷനൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിൽ വിദ്യാർഥികളും അധ്യാപകരുമായി ആശയ വിനിമയം നടത്തും. ഉച്ചകഴിഞ്ഞ് ഉപരാഷ്ട്രപതി ഡൽഹിക്ക് മടങ്ങും.

**************************

## ഗുരുവായൂർ നിയന്ത്രണം (ഇൻട്രോ)

RNU TVPM

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് നാളെ ഗുരുവായൂർ ക്ഷേത്രത്തിൽ ദർശന നിയന്ത്രണം. വിവാഹത്തിനും ചോറൂണിനും നിയന്ത്രണം ബാധകമാണ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്...**

(വോയിസ്)

**************************

## നിപ - കേരളം

സംസ്ഥാനത്ത് നിപ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തം. രോഗ ഉറവിടം കണ്ടെത്താനുള്ള ആരോഗ്യ വകുപ്പിന്റെ ശ്രമങ്ങൾ തുടരുകയാണ്. പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിൽ 40 ബെഡുകൾ ഉള്ള ഐസോലേഷൻ യൂണിറ്റ് സജ്ജീകരിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമും പ്രതിരോധ പ്രവർത്തനങ്ങൾക്കായി 26 അംഗ സമിതിയും നിലവിൽ വന്നിട്ടുണ്ട്. നിലവിൽ നിപ സമ്പർക്കപ്പട്ടികയിൽ 425 പേരാണുള്ളത്. അതേസമയം, രോഗം സ്ഥിരീകരിച്ച് കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിൽസയിലുള്ള പാലക്കാട് സ്വദേശിനിയുടെ ആരോഗ്യ നില മാറ്റമില്ലാതെ തുടരുന്നു.

PRD TVPM

**************************

## സിൻഡിക്കേറ്റ് യോഗം

കേരള സർവ്വകലാശാല രജിസ്ട്രാർ ഡോ. കെ എസ് അനിൽകുമാർ തിരികെ ജോലിയിൽ പ്രവേശിച്ചു. രാവിലെ ചേർന്ന പ്രത്യേക സിൻഡിക്കേറ്റ് യോഗത്തിൽ

രജിസ്ട്രാറുടെ സസ്പെൻഷൻ റദ്ദാക്കിയിരുന്നു. ഇക്കാര്യം ഹൈക്കോടതിയെ അറിയിക്കാൻ സ്റ്റാൻഡിങ് കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വി സി യുടെ താത്കാലിക ചുമതലയുള്ള സിസ തോമസ് തീരുമാനത്തോട് വിയോജിച്ചു. സെനറ്റ് ഹാളിലെ പരിപാടിയുമായി ബന്ധപ്പെട്ട വിഷയം അന്വേഷിക്കാൻ മൂന്നംഗ സമിതിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

*************************

## വീണാ ജോർജ്ജ് - സന്ദർശനം

കോട്ടയം മെഡിക്കൽ കോളേജിൽ കെട്ടിടം തകർന്ന് വീണ് മരിച്ച തലയോലപ്പറമ്പ് സ്വദേശി ബിന്ദുവിന്റെ കുടുംബത്തിന് മുഖ്യമന്ത്രി ഉടൻ തന്നെ ധനസഹായ പാക്കേജ് പ്രഖ്യാപിക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. സർക്കാർ കൂടെയുണ്ടെന്നും ബിന്ദുവിന്റെ മകളുടെ ശസ്ത്രക്രിയ നടത്തുന്നത് സംബന്ധിച്ച് തിങ്കളാഴ്ച മെഡിക്കൽ ബോർഡ് രൂപീകരിക്കുമെന്നും മന്ത്രി അറിയിച്ചു. ബിന്ദുവിന്റെ വീട് സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി.

PNU TVPM

*************************

## കണ്ണൂർ ആറളം - കാട്ടാനശല്യം (ഇൻട്രോ)

കണ്ണൂർ ആറളം പുനരധിവാസ മേഖലയിൽ കാട്ടാന ശല്യം വീണ്ടും രൂക്ഷം. പ്രദേശത്ത് നിന്ന് ആനകളെ തുരത്തുന്നതിനുള്ള ദൗത്യം തുടരുകയാണ്.

**ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

*************************

## മലപ്പുറം - കടുവ

മലപ്പുറം കരുവാരക്കുണ്ടിൽ വനം വകുപ്പിന്റെ കൂട്ടിൽ കുടുങ്ങിയ കടുവയെ തൃശ്ശൂർ മൃഗശാലയിലേക്ക് മാറ്റും. താൽക്കാലികമായി അമരമ്പലത്തെ ആർ.ആർ.ടി ക്യാമ്പിൽ എത്തിച്ചു. ടാപ്പിങ് തൊഴിലാളിയെ കടിച്ചു കൊന്ന കടുവയെ വെടി വെച്ച് കൊല്ലണമെന്ന് ആവശ്യപ്പെട്ട് നാട്ടുകാർ വലിയ പ്രതിഷേധം ഉയർത്തിയിരുന്നു. കടുവയെ വനത്തിലേക്ക് തുറന്നു വിടില്ലെന്ന് മന്ത്രി എ.കെ.ശശീന്ദ്രനും നിലമ്പൂർ സൗത്ത് ഡിഎഫ്ഒയും ഉറപ്പ് നൽകി. മനുഷ്യ-വന്യജീവി സംഘർഷത്തിന് പരിഹാരം കാണാൻ നിലവിലെ കേന്ദ്ര നിയമത്തിന്റെ പരിധിയിൽ നിന്നു കൊണ്ട്, സാധ്യമായ നിയമനിർമ്മാണം നടത്താൻ സംസ്ഥാന സർക്കാർ ശ്രമിക്കുമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

*************************

## വയനാട് കൂട് സ്ഥാപിച്ചു

വയനാട് മേപ്പാടി ചുളിക്കയിൽ ജനവാസ മേഖലയിൽ ഇറങ്ങിയ പുലിയെ പിടികൂടാൻ വനം വകുപ്പ് കൂട് സ്ഥാപിച്ചു. പുലിയെ നിരീക്ഷിക്കാനായി തൽസമയ ക്യാമറയും സ്ഥാപിച്ചിട്ടുണ്ട്. പ്രദേശത്ത് സ്ഥിരമായി പുലിയുടെ ശല്യം ഉണ്ടായതോടെയാണ് കൂട് സ്ഥാപിച്ചത്.

*************************

## കൈറ്റ് ശില്പശാല

ഒന്ന് മുതൽ 10 വരെ ക്ലാസുകൾക്കുള്ള ഫസ്റ്റ്ബെൽ ഡിജിറ്റൽ ക്ലാസുകൾ ഈ മാസം 9 മുതൽ കൈറ്റ് വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം ചെയ്യുമെന്ന് മന്ത്രി വി.ശിവൻകുട്ടി. കുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കുകയാണ് ലക്ഷ്യം. തിരുവനന്തപുരം ജില്ലയിലെ പ്രഥമാധ്യാപകർക്കായി കൈറ്റ് സംഘടിപ്പിച്ച ശില്പശാലയിൽ ഓൺലൈനായി പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

**************************

## മൻ കി ബാത്ത് - ടാലൻറ് ഹണ്ട്

മൻ കി ബാത്തിന്റെ അഞ്ചാം സീസൺ ടാലന്റ് ഹണ്ടിന്റെ വർക്കല താലൂക്ക് തല പരിപാടി ഗോവ ഗവർണർ പി.എസ്.ശ്രീധരൻ പിള്ള ഉദ്ഘാടനം ചെയ്തു. വർക്കല അയിരൂർ എം ജി എം മോഡൽ സ്കൂളിലായിരുന്നു പരിപാടി. കേന്ദ്ര യുവജന കാര്യ - കായിക മന്ത്രാലയത്തിന് കീഴിലുള്ള മേരാ യുവ ഭാരത് കേരളമാണ് പരിപാടി സംഘടിപ്പിക്കുന്നത്.

RNU TVPM

**************************

## യുദ്ധ വിമാനം - എഫ് 35 ബി

തിരുവനന്തപുരം വിമാനത്താവളത്തിൽ തുടരുന്ന ബ്രിട്ടീഷ് വ്യോമസേനയുടെ യുദ്ധ വിമാനം എഫ് 35 B യുടെ സാങ്കേതിക തകരാർ പരിഹരിക്കാൻ ബ്രിട്ടനിൽ നിന്നും 17 അംഗ വിദഗ്ധ സംഘമെത്തി. ഇതോടെ യുദ്ധവിമാനം അറ്റകുറ്റപ്പണികൾക്കായി ഹാങ്ങറിലേക്ക് മാറ്റി. കഴിഞ്ഞ മാസം 14 നാണ് ബ്രിട്ടീഷ് യുദ്ധവിമാനം അടിയന്തരമായി തിരുവനന്തപുരം വിമാനത്താവളത്തിൽ ഇറക്കിയത്.

*************************

## ക്രിക്കറ്റ്

ബർമിംഗ്ഹാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്കെതിരെ ഇംഗ്ലണ്ടിന്റെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് പുരോഗമിക്കുന്നു. 608 റൺ എന്ന കൂറ്റൻ വിജയലക്ഷ്യമാണ് ഇംഗ്ലണ്ടിന് മുന്നിലുള്ളത്. 3 വിക്കറ്റിന് 72 റൺ എന്ന നിലയിൽ അഞ്ചാം ദിനം ബാറ്റിംഗ് പുനരാരംഭിച്ച ഇംഗ്ലണ്ട് ഒടുവിൽ വിവരം ലഭിക്കുമ്പോൾ അഞ്ച് വിക്കറ്റിന് 123 റൺ എന്ന നിലയിലാണ്.

*************************

## വേൾഡ് പോലീസ് ചാമ്പ്യൻഷിപ്പ്

RNU TVPM

യു.എസിൽ നടന്ന വേൾഡ് പോലീസ് അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ഇടുക്കി വാഴത്തോപ്പ് സ്വദേശിനി മരീനക്ക് സ്വർണം. ലോങ് ജംപിലും, ഹെപ്റ്റാത്തനിലും ഇരട്ട സ്വർണ്ണം നേടിയാണ് മരീന രാജ്യത്തിന് അഭിമാനമായത്. രാജ്യാന്തര മത്സരത്തിൽ തുടർച്ചയായി രണ്ടിനങ്ങളിൽ രണ്ടാം വർഷവും സ്വർണം കരസ്ഥമാക്കുന്ന ആദ്യ വനിത കൂടിയാണ് മരീന. എഴുപതോളം രാജ്യങ്ങളാണ് ചാമ്പ്യൻഷിപ്പിൽ പങ്കെടുത്തത്.

*************************

## മൂന്നാർ-പാരാ സൈലിംഗ് (ഇൻട്രോ)

ഇടുക്കി മൂന്നാറിൽ എത്തുന്ന സാഹസിക സഞ്ചാരികൾക്കായി പാരാ സെയിലിംഗ് പദ്ധതിയുമായി ഹൈഡൽ ടൂറിസം വകുപ്പ്. സ്വകാര്യ കമ്പനിയുമായി

ചേർന്ന് വരുമാനം പങ്കിടൽ വ്യവസ്ഥയിലാണ് പദ്ധതി നടപ്പാക്കുക. ഇതിന്റെ ഭാഗമായി മാട്ടുപ്പെട്ടി ജലാശയത്തിൽ പാരാ സെയിലിംഗ് പരീക്ഷണ പറക്കൽ നടത്തി.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയിസ്)

**************************

## മുഹമ്മദ് റിയാസ് - ജ്യോതി മൽഹോത്ര

വ്ലോഗർമാരെ കേരളത്തിലേക്ക് ക്ഷണിക്കുന്നത് നല്ല ഉദ്ദേശത്തോടെയാണെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്. ചാരവൃത്തിക്ക് അറസ്റ്റിലായ വ്ലോഗർ ജ്യോതി മൽഹോത്ര സംസ്ഥാനത്ത് വന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് മാധ്യമങ്ങളുടെ ചോദ്യങ്ങളോട് പ്രതികരിക്കുകയായിരുന്നു മന്ത്രി.

RNU TVPM

**************************

## മഴ

സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം ഒൻപത് വരെ കർണാടക തീരത്ത് മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

*

***********

****************************************

RNU TVPM